# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5378 25.10.2011 ൽ മറുപടിക്ക്

<u>സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. റ്റി. എ. റഹീം | | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഇതിന്റെ കോപ്പി ലഭ്യമാക്കാമോ; | ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) | മുൻ സർക്കാർ പുറപ്പെടുവിച്ച ജി.ഒ. (ആർ.റ്റി) നമ്പർ. 3691/2006/പൊ.വി.വ തീയതി 19.08.2006 നമ്പർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; | സി) | സർക്കാർ/എയ്ഡഡ്/സ്വകാര്യ വിദ്യാലയങ്ങൾ അടങ്ങുന്ന പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതോടൊപ്പം സിബിഎസ്ഇ/ ഐസിഎസ്ഇ സ്കൂളുകൾക്കും പുതുതായി അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട പൊതുവായ മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി അഞ്ചംഗ കമ്മറ്റി രൂപീകരിച്ചുകൊണ്ടുള്ളതാണ് 19.08.2006 ലെ ജി.ഒ.(ആർ.റ്റി) 3691/2006/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്. ടി ഉത്തരവു പ്രകാരം, സ്കൂളുകളുടെ അംഗീകാരവുമായി ബന്ധപ്പെട്ട എന്തെങ്കിലും മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. |

| | | |
|---|---|---|
| ഡി) വിദഗ്ധ പഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സ്കൂളുകൾ അനുവദിക്കുന്നതും സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതും മുസ്ലീങ്ങൾക്ക് വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുള്ള മലബാറിൽ പരിമിതപ്പെടുത്തണമെന്നുമുള്ള ഉത്തരവ് ഭേദഗതി ചെയ്തിട്ടുണ്ടോ;<br><br>ഇ) ഭേദഗതി ചെയ്യുന്നതിന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | ഡി) യും ഇ) യും | പുതുക്കിയ ഉത്തരവിൽ അപ്രകാരം നിഷ്കർഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.